بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 14.02.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

***14.02.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് അദ്ദേഹം തന്നെ എഴുതിയിട്ടുള്ള ചില കാര്യങ്ങൾ പറയുന്നതാണ്. ഇതു സംബന്ധമായി അടിസ്ഥാനപരമായ ഒരു കാര്യം ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി: 'ഇപ്പോൾ വെളിപ്പെട്ടതും വെളിപ്പെട്ടുകൊണ്ടിരിക്കുന്നതും ഇനി വെളിപ്പെടാൻ പോകുന്നതുമായ അടയാളങ്ങളുടെ യഥാർഥ ഉദ്ദേശ്യം ഇക്കാലത്ത് അല്ലാഹു താൻ മുഖേന ഇസ്ലാമിന്റെ സത്യതയെ ലോകത്തിനു മുമ്പിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്. നബി(സ) തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും ലോകത്തിനുമുമ്പിൽ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു എന്നതാണ്. ഈ അടയാളങ്ങൾ അന്യരുടേയും ഇസ്ലാമിനു മേൽ ആക്ഷേപം ഉന്നയിക്കുന്നവരുടേയും വായ അടപ്പിക്കുന്നതോടൊപ്പം മുസ്ലീംകൾക്കും വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുംകൂടിയാണ്.' അതായത് ആ മഹാത്മാവ് തന്നെയാണ് ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനായി അല്ലാഹു അയച്ച ജരീയുല്ലാഹ് അഥവാ അല്ലാഹുവിന്റെ യോധാവ്.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് ബറാഹീനെ അഹ്മദിയ്യായിൽനിന്നും കശ്തിയെ നൂഹിൽ നിന്നുമുള്ള ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നിർദേശങ്ങൾ കേൾപിച്ചു. കശ്തിയെ നൂഹിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"അല്ലാഹു എന്നോടു പറഞ്ഞ ആ അദൃശ്യമായ കാര്യങ്ങൾ, അതാതിന്റെ സമയത്ത് പൂർത്തിയായിട്ടുള്ളത് പതിനായിരത്തിൽ കുറവായിരിക്കുകയില്ല. എന്നാൽ, അച്ചടിയിലിരിക്കുന്ന നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ അതിൽ നിന്ന് മാതൃകയായി നൂറ്റമ്പതെണ്ണം മാത്രമേ തെളിവോടും സാക്ഷ്യത്തോടും കൂടി എഴുതിയിട്ടുള്ളു. എന്റെ ഒരു പ്രവചനവും പൂലരാത്തതായിട്ടില്ല. അല്ലെങ്കിൽ അതിലെ രണ്ടു ഭാഗങ്ങളിൽ ഒരുഭാഗം പുലരാതിരുന്നിട്ടില്ല. ഒരാൾ അത് അന്വേഷിച്ച് അന്വേഷിച്ച് മരിച്ചാൽ തന്നെയും എന്റെ വായിൽ നിന്ന് പുറപ്പെട്ടിട്ടുള്ള ഒരു പ്രവചനവും പുലരാതിരുന്നത് അയാൾക്കു കാണാൻ കഴിയുകയില്ല. നാണക്കേടും അജ്ഞതയുംകൊണ്ട് തോന്നിയതെല്ലാം പറഞ്ഞുകൊള്ളുക. അങ്ങേയറ്റം വ്യക്തമായും പുലർന്ന ആയിരക്കണക്കിന് എന്റെ പ്രവചനങ്ങളുണ്ടെന്ന് ഞാൻ വാദത്തോടുകൂടി പറയുകയാണ്. അതിന് ലക്ഷക്കണക്കിനാളുകൾ സാക്ഷികളാണ്. അതിനു തുല്യമായത് കഴിഞ്ഞുകടന്ന നബിമാരിൽ തിരയുകയാണെങ്കിൽ നബി(സ) തിരുമേനിയിലല്ലാതെ മറ്റെവിടേയും അതിനുദാഹരണം കിട്ടുകയില്ല.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില പ്രവചനങ്ങളെ മാതൃകയെന്നോണം വിവരിച്ചു. ഹദ്റത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് അല്ലാഹു പ്രവചിച്ചു: **യാ അഹ്മദു ഫാളതിർ റഹ്മത്തു അലാ ശഫതയ്ക്ക** (ബറാഹീനെ അഹ്മദിയ്യ പേജ് 517) അഹ്മദേ! നിന്റെ ചുണ്ടുകളിൽ കാരുണ്യം ഒഴുക്കപ്പെടുന്നതാണ്. വാക് വൈഭവവും വാക്ചാതുര്യവും യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും നിനക്ക് നല്കപ്പെടുന്നതായിരിക്കും. എന്റെ ഗ്രന്ഥങ്ങൾ മുഅജിസത്ത് (മനുഷ്യശക്തിയ്ക്ക് അതീതമായ കർമം) കാണിച്ചിരിക്കുന്നു; ആർക്കും അതിനെ നേരിടാൻ കഴിഞ്ഞില്ല. ഈ ഇൽഹാമിനു ശേഷം ഇരുപതിലധികം ഗ്രന്ഥങ്ങളും ലഘുലേഖകളും സാഹതീയസൗന്ദര്യത്തോടെ പ്രസിദ്ധീകരിച്ചു. എന്നാൽ, ആർക്കും തന്നെ അതിനെ നേരിടാൻ സാധിച്ചില്ല. അല്ലാഹു അവരിൽ നിന്ന് ഭാഷയും മനസും രണ്ടും തട്ടിപ്പറിച്ചെടുത്ത് എനിക്കു തന്നു."

വീണ്ടും പറയുന്നു: **യുരീദൂന അൻയ്യുത്ഫിഊ നൂറല്ലാഹി ബിഅഫ്വാഹിഹിം വല്ലാഹു മുത്തിമ്മു നൂരിഹീ വലവ് കരിഹൽ കാഫിറൂൻ** (ബറാഹീനെ അഹ്മദിയ്യ പേജ് 240) 'അല്ലാഹുവിന്റെ പ്രകാശത്തെ തങ്ങളുടെ വായകൊണ്ട് ഊതിക്കെടുത്താമെന്ന് എതിരാളികൾ കരുതും. അതായത് ഒരുപാട് തന്ത്രങ്ങൾ അവർ പ്രയോഗിക്കും. എന്നാൽ, അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുകതന്നെ ചെയ്യും; അവിശ്വാസികൾ വെറുത്താലും ശരി.' ഈ ജമാഅത്തിന്നെതിരിൽ വിദ്വേഷമോ പ്രകോപനമോ ഒന്നും ഇല്ലാതിരുന്ന കാലഘട്ടത്തിലെ പ്രവചനമാണിത്. അതായത് എതിർപ്പ് ഉണ്ടായിരുന്നില്ല. അപ്പോഴാണ് എതിരാളികൾ നശിച്ചുപോകുമെന്ന പ്രവചനം ഉണ്ടാകുന്നത്. ഈ പ്രവചനം പ്രസിദ്ധീകരിച്ച് 10 വർഷത്തിനുശേഷം വിദ്വേഷം കാണിക്കപ്പെടുകയും അത് അതിന്റെ പാരമ്യതയിൽ എത്തിച്ചേരുകയും ചെയ്തു. അതായത് കുഫ്ർപത്രം എഴുതപ്പെട്ടു. കൊല്ലണമെന്ന ഫത്വ എഴുതപ്പെട്ടു. നൂറുകണക്കിന് ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കപ്പെട്ടു. ഏകദേശം എല്ലാ മൗലവിമാരും എതിരാളികളായി. എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഏറ്റവും നിന്ദ്യമായ പദ്ധതി പോലും വിട്ടുകളഞ്ഞില്ല. എന്നാൽ, ഫലമുണ്ടായത് നേരെ തിരിച്ചായിരുന്നു. ഈ ജമാഅത്ത് അസാധാരണമായ നിലയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.

വീണ്ടും പറയുന്നു: **ഇൻല്ലം യഅ്സ്വിംക്കന്നാസു ഫയ അ്സ്വിമുക്കല്ലാഹു മിൻ ഇൻദിഹീ -യഅ്സ്വിമുക്കല്ലാഹു മിൻ ഇൻദിഹീ വഇൻല്ലം യഅ്സ്വിമുക്കന്നാസു** (ബറാഹീനെ അഹ്മദിയ്യ) ജനങ്ങൾ നിന്നെ രക്ഷിച്ചില്ലങ്കിലും അതായത് നിന്നെ നശിപ്പിക്കാൻ ശ്രമിച്ചാൽ അല്ലാഹു തന്നിൽ നിന്ന് സ്വയം കാരണങ്ങളുണ്ടാക്കി നിന്നെ രക്ഷിക്കുന്നതാണ്. അല്ലാഹു തീർച്ചയായും നിന്നെ രക്ഷിക്കും; ജനങ്ങൾ രക്ഷിക്കാൻ ആഗ്രഹിച്ചില്ലെങ്കിൽതന്നെയും.

ഇതു എത്രമാത്രം ശക്തിയും പ്രൗഢിയും ഉൾക്കൊള്ളുന്ന പ്രവചനമാണെന്ന് നോക്കുക. രക്ഷിക്കുമെന്ന് ആവർത്തിച്ച് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽ വ്യക്തമായും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു, ജനങ്ങൾ നിന്നെ നശിപ്പിക്കാനും വധിക്കാനും ശ്രമിക്കുകയും പലരീതിയിലുള്ള ഗൂഢപദ്ധതികൾ ഇടുകയും ചെയ്യും. എന്നാൽ, അല്ലാഹു നിന്നോടൊപ്പം ഉണ്ടാകും. അവൻ അവരുടെ പദ്ധതികളെ തകർത്തെറിയുകയും നിന്നെ രക്ഷിക്കുകയും ചെയ്യും. എനിക്കെതിരിൽ ചെയ്യപ്പെട്ടിട്ടില്ലാത്ത എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. എന്നെ നശിപ്പിക്കുന്നതിനും വധിക്കുന്നതിനും പല തരത്തിലുള്ള സൂത്രങ്ങളും ചെയ്യപ്പെട്ടു. വധകുറ്റം ചുമത്തി കേസ് കൊടുത്തു. മാനംകെടുത്താൻവേണ്ടി വഞ്ചനകളും ചതികളും പ്രയോഗിച്ചു. ടാക്സ് ചുമത്താൻ പദ്ധതികൾ ചെയ്യപ്പെട്ടു. കുഫ്ർ ഫത്വകൾ എഴുതപ്പെട്ടു. കൊല്ലാൻ ഫത്വകൾ എഴുതപ്പെട്ടു. പക്ഷേ, അല്ലാഹു എല്ലാം പരാജയപ്പെടുത്തി. ഒരു വഞ്ചനയിലും വിജയം നേടാൻ അവരെ വിട്ടില്ല.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു, പ്രവചനത്തിന്റെ ഈ രണ്ടുമൂന്നെണ്ണം മാതൃകയെന്നോണം ഞാൻ പറഞ്ഞതാണ്. ഇതുപോലെതന്നെ ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങളും ഒരു ദൃഷ്ടാന്തമാണ്. ഇതു സംബന്ധമായി ആ ധന്യാത്മാവ് പറയുന്നു: ' ഞാൻ പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ അത്ഭുതപ്രവർത്തിയെ ഗ്രന്ഥങ്ങൾ എഴുതുന്ന സമയത്ത് എന്നെ സംബന്ധിച്ച് കാണാറുണ്ട്. കാരണം ഞാൻ അറബിയിൽ അല്ലെങ്കിൽ ഉർദുവിൽ ഏതെങ്കിലും വാക്യം എഴുതുമ്പോൾ ആരോ ഉള്ളിൽനിന്ന് എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതായി എനിക്ക് അനുഭവപ്പെടുന്നു. എപ്പോഴും എന്റെ എഴുത്ത് അത് അറബിയാവട്ടെ, ഉർദു ആവട്ടെ, ഫാർസിയാവട്ടെ രണ്ടു ഭാഗമായി തരംതിരിക്കപ്പെട്ടിരിക്കുന്നു. ഒന്ന് വളരെ എളുപ്പം വാക്കുകളുടെ പരമ്പരയും അർഥവും എന്റെ മുന്നിൽ വന്നും പോയുമിരിക്കുന്നു. ഞാനത് എഴുതിക്കൊണ്ടേപാകുന്നു. ആ എഴുത്തിൽ എനിക്ക് ഒരു പ്രയാസവും വഹിക്കേണ്ടി വരുന്നില്ല. എന്നാൽ, യഥാർഥത്തിൽ ആ പരമ്പര എന്റെ ബുദ്ധിശക്തിക്കതീതമാവുകയില്ല. അതായത് അല്ലാഹുവിന്റെ ശക്തമായ സഹായമില്ലെങ്കിൽതന്നെയും നിസാര സഹായത്താൽ ബുദ്ധിമുട്ടി, കുറെ സമയമെടുത്ത് ആ വിഷയം എനിക്കെഴുതാൻ കഴിയും. വല്ലാഹു അഅ്ലം. രണ്ടാമത്തെ ഭാഗം അത്ഭുതസിദ്ധി എന്ന നിലയിലുള്ളതാണ്. അതെന്താണെന്നുവച്ചാൽ ഉദാഹരണത്തിന് ഞാനൊരു അറബി വാക്യം എഴുതുന്നു. എനിക്ക് അറിയാത്തതായ പദങ്ങളുടെ ആവശ്യം നേരിടുന്നു. അപ്പോൾ അതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വഹ്‌യ് വഴികാട്ടുന്നു. ആപദം വാക്കാലുള്ള വെളിപാടുപോലെ റൂഹുൽഖുദ്സ് എന്റെ മനസ്സിൽ ഇടുകയും നാവിൽ നടപ്പിലാക്കുകയും ചെയ്യുന്നു. ആ സമയത്ത് ഞാൻ എന്റെ ബോധേന്ദ്രിയത്തിൽ നിന്ന് അപ്രത്യക്ഷനായിപോകുന്നു.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഗ്രന്ഥങ്ങൾ അറബികളെ ആകർഷിച്ചതിന്റെ ചില ഉദാഹരണങ്ങൾ പറയാം.

ഒരു ഫലസ്തീൻകാരി പറയുന്നു, 'നടപ്പിലുള്ള രീതിയുടേയും ചിന്തയുടേയും സ്വാധീനത്താൽ ഞാൻ ഉറപ്പായും വിശ്വസിച്ചിരുന്നത് ഈസാ(അ) സ്ഥൂലശരീരത്തോടെ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നായിരുന്നു. അവസാന കാലത്ത് അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങി വരും. മുസ്‌ലിം സമുദായത്തെ മറ്റു ജനതകളുടെ അടിമത്വത്തിൽനിന്ന് മോചിപ്പിക്കും. വാളിന്റെ ശക്തികൊണ്ടു തന്നെ ജനങ്ങളെ ഇസ് ലാമിൽ ചേർക്കുകയും ചെയ്യും. അതുകൊണ്ട് ഞാൻ തീവ്രതയോടെ ആ നാളിനെ കാത്തിരിക്കുകയായിരുന്നു. പിന്നീട് ജമാഅത്തിനെ ഞാൻ പരിചയപ്പെട്ടു. എന്റെ ഭർത്താവിന്റെ അനുജൻ മുഖേനയാണ് പരിചയപ്പെട്ടത്. അവൻ ഞാനുമായി മിക്കപ്പോഴും ജമാഅത്തിനെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നുവെന്ന് മാത്രമല്ല എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അറബി ഗ്രന്ഥങ്ങളും അയക്കാറുണ്ടായിരുന്നു. ആ ഗ്രന്ഥങ്ങളിൽനിന്ന് എനിക്ക് അതുല്യവും വിലപിടിച്ചതുമായ മുത്തുകൾ കിട്ടി. അങ്ങനെയുള്ള ദൈവജ്ഞാനപരമായ വായന ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും വായിച്ചിട്ടില്ല. സാഹതീയസൗന്ദര്യം അടങ്ങിയതും അമാനുഷികത കൊണ്ട് നിറഞ്ഞതുമായ അറബി ഗ്രന്ഥം -അതിൽ ജ്ഞാനത്തിന്റേയും ദൈവത്തെകുറിച്ചുള്ള അറിവിന്റേയും പവിഴങ്ങളാണ് വെക്കപ്പെട്ടിട്ടുള്ളത്- എന്നെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയതായിരുന്നു. ജുസുകൾ വായിക്കാൻ തുടങ്ങുമ്പോൾതന്നെ വായനക്കാരന് അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാകാൻ തുടങ്ങുന്നു. പൂർണമായും തൃപ്തി വന്നതിനുശേഷം ഞാൻ ബയ്അത്ത് ചെയ്തു.

ഇറ്റലിയിൽ താമസിക്കുന്ന അറബി അബ്ബാസ് സാഹിബ് പറയുന്നു: 'മൗലവിമാരുടെ എല്ലാതരം ചീത്തപറച്ചിലും ഉണ്ടായിട്ടും അവസാനം ഞാൻ എം.ടി.എ. അൽ അറബിയ ചാനൽ വെക്കുക തന്നെ ചെയ്തു. ഒരു ദിവസം ഞാൻ 'അൽഹവാർ' എന്ന പരിപാടി കാണുകയായിരുന്നു. ഇടവേളയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഖസീദഃ വന്നു.

**ഇൽമീ മിനർറഹ്മാനി ദിൽ ആലാഇ**

**ബില്ലാഹി ഹുസ്തുൽഫള്‌ല ലാ ബിദഹാഇ**

(എന്റെ അറിവ് റഹ്മാനായ അല്ലാഹുവിൽ നിന്നുള്ളതാണ്. അവൻ അനുഗ്രഹമുടയവനാണ്. ഞാൻ അല്ലാഹു മുഖേന ദൈവികാനുഗ്രഹം കരസ്ഥമാക്കി; ബുദ്ധി മുഖേനയല്ല.)

ഞാൻ ആ ഖസീദഃ കേൾക്കുന്നതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയും കാണുന്നുണ്ടായിരുന്നു. അങ്ങനെ ഒരു ഘട്ടത്തിൽ അനിയന്ത്രിതമായി എന്റെ

വായിൽ നിന്ന് ഉറക്കെ ഈ വചനങ്ങൾ പുറപ്പെട്ടു: 'അല്ലാഹവാണെ! ഇക്കാര്യം ഒരു കള്ളവാദിയ്ക്ക് ഒരിക്കലും പറയാൻ കഴിയുകയില്ല. ഈ വ്യക്തി അല്ലാഹു അയച്ച ആളാണ്. ഇത്തരം വചനങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അപകീർത്തിപ്പെടുത്തുന്നവന്റേതാകുകയില്ല.'

മൊറോക്കോയിലെ ഖാലിദ് സാഹിബ് പറയുന്നു: 'അഹ്മദിയ്യ ജമാഅത്തിനെ പരിചയപ്പെട്ടതിനുശേഷം, ഇമാംമഹ്ദി വരികയും മടങ്ങിപ്പോകുകയും ചെയ്തു, ഇപ്പോഴാണല്ലോ നാം അദ്ദേഹത്തെ കുറിച്ച് കേൾക്കുന്നത് എന്നോർത്ത് ഞാൻ ആശ്ചര്യപ്പെട്ടു. അങ്ങനെ ചിന്തിച്ച് ചിന്തിച്ച് ഞാൻ അല്ലാഹുവിനോട് സന്മാർഗം തേടി. ജമാഅത്തിന്റെ അറബി വെബ്സൈറ്റിലുള്ള അറബി ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. ആദ്യം വായിച്ചത് ഇസ്‌ലാമി ഉസൂൽ കി ഫലാസഫി എന്ന ഉർദു ഗ്രന്ഥത്തിന്റെ അറബി പരിഭാഷയായിരുന്നു.(മലയാളത്തിൽ ഇസ്‌ലാമത തത്ത്വജ്ഞാനം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് വിവ:) അതു ഞാൻ പലപ്രാവശ്യം വായിച്ചു. ഈ ഗ്രന്ഥത്തിലെ **അദ്‌ല്** എന്നുപറയുന്ന പ്രത്യുപകാരവും **ഇഹ്‌സാൻ** എന്ന സഹായോപകാരവും **ഈത്തായിദിൽ ഖുർബാ** എന്ന ബന്ധുസ്നേഹപരമായ ഉപകാരവും വായിച്ചിട്ട് എന്റെ ആത്മാവ് ആനന്ദത്തിൽ ആറാടാൻ തുടങ്ങി. അതിനുശേഷം ഞാൻ 'അത്തബ്‌ലീഗ്' എന്ന ഗ്രന്ഥം വായിച്ചു. മറ്റു ഗ്രന്ഥങ്ങളും വായിച്ചു. ആ ഗ്രന്ഥങ്ങൾ ആത്മീയപരമായിട്ടുള്ള അതിസൂക്ഷ്മ കാര്യങ്ങളുടേയും മതപരമായ ജ്ഞാനങ്ങളുടേയും ഒരു നദി തന്നെ ഒഴുക്കി. എത്ര മാത്രമെന്നാൽ, അധികവും എന്റെ നാവിൽ 'എനിക്കു ഖജനാവ് ലഭിച്ചിരിക്കുന്നു, ഖജനാവ് ലഭിച്ചിരിക്കുന്നു' എന്ന വാക്യമാണുണ്ടായിരുന്നത്.'

നമ്മുടെ അമ്മാദഃ സാഹിബിനെ കുറിച്ച് ഹാനീ ത്വാഹിർ സാഹിബ് എഴുതുന്നു: 'നമ്മുടെ വെബ്സൈറ്റിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മർയം ആയതും പിന്നീട് മർയമിൽ ആത്മാവിനെ ഊതിയതിനെ സംബന്ധിച്ചും ചോദിച്ചിരുന്നു. അക്കാരണത്താൽ അദ്ദേഹവുമായി ബന്ധപ്പെട്ടു. കുറച്ചു ലേഖനങ്ങളും ഹുസൂർ(അ)ന്റെ ലിഖിതശകലങ്ങളും അയച്ചുകൊടുത്തു. അതിൽ അദ്ദേഹം പ്രഭാവിതനായി. സത്യം പ്രാപിക്കുകയും ചെയ്തു. അദ്ദേഹം എഴുതുന്നു: ഹുദൂർ (അ)ന്റെ 'അത്തബ്‌ലീഗ്' എന്ന ഗ്രന്ഥം എന്റെ നെഞ്ച് തുറന്നു. നബിമാരുടെ പ്രകാശം നിറഞ്ഞ ഗ്രന്ഥങ്ങൾ ഇക്കാലഘട്ടത്തിൽ എനിക്കും വായിക്കാൻ കിട്ടിയല്ലോ എന്നോർത്ത് എനിക്ക് അതിയായ സന്തോഷമുണ്ടായി. മുമ്പേയുണ്ടായ സംശയങ്ങളും സന്ദേഹങ്ങളും ഓർത്തപ്പോൾ വിഷമവുമുണ്ടായി.

യമൻകാരനായ അതാമി സാഹിബ് പറയുന്നു: 'ഒരു പത്രപ്രവർത്തകനും ഒരു അന്വേഷകനുമെന്ന നിലയിൽ യാഥാർഥ്യമറിയാൻ എനിക്കു താൽപര്യമുണ്ടായിരുന്നു. അതുകൊണ്ട് ജമാഅത്തിന്റെ എതിരാളികളുടെ ഗ്രന്ഥങ്ങളും വായിച്ചു. അവയിൽ ആക്ഷേപങ്ങൾ ഉന്നയിച്ചതിനു ശേഷം പ്രശ്നം കുഫ്ർ ഫത്‌വ വരെ എത്തിയിരിക്കുന്നതായി കാണാൻ കഴിഞ്ഞു. കൂടുതൽ അന്വേഷണത്തിനുശേഷം ഒരു തീരുമാനത്തിലെത്തി: 'അവയിൽ ആ പഴയ ആക്ഷേപങ്ങളല്ലാതെ ഒന്നുമില്ല,' മറുഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി പാണ്ഡിത്യം തുടങ്ങിയ അമാനുഷികതകളായിരുന്നു ഉണ്ടായിരുന്നത്. ഇമാം മഹ്ദിയെ ഫാർസി വംശത്തിൽ ജനിപ്പിച്ചതും ഒരു മുഅ്ജിസത്തായിരുന്നു. അറബികളിൽതന്നെ മഹ്ദി വരേണ്ടത് അനിവാര്യമൊന്നുമല്ല. കാരണം ഹിദായത്തും നുബുവ്വത്തും അറബികൾക്ക് മാത്രമുള്ളതല്ലല്ലോ. മറ്റുള്ളവർ എന്ത് തെറ്റാണ് ചെയ്തത്?'

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു, ഇതുപോലുള്ള നിരവധി സംഭവങ്ങളുണ്ട്. ഞാൻ രണ്ടുമൂന്നെണ്ണം മാത്രമേ പറഞ്ഞിട്ടുള്ളു. ഈ അടയാളങ്ങളെ കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതൊരുവന്റെ കൈയാൽ നൂറുകണക്കിന് ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുവോ ആ വ്യക്തിയാകുന്നു ഞാൻ. ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതിൽ ഞാനുമായി മത്സരിച്ച് വിജയിക്കാൻ ഏതെങ്കിലും മനുഷ്യൻ ഭൂമിയിലുണ്ടോ? ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ ആ അല്ലാഹുവാണ! ഇന്നേവരെ രണ്ടുലക്ഷത്തിലേറെ ദൃഷ്ടാന്തങ്ങൾ എന്റെ കൈയാൽ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പത്തായിരത്തിനടുത്ത് ആളുകൾ അല്ലെങ്കിൽ അതിനെക്കാൾ കൂടുതലാളുകൾ നബി(സ)തിരുമേനിയെ സ്വപ്നത്തിൽ ദർശിച്ചിരിക്കുന്നു. നബി(സ)തിരുമേനി ഞാൻ സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തി. ഈ രാജ്യത്ത് ദർശനങ്ങൾ ഉണ്ടായിട്ടുള്ള ചില പേരുകേട്ട പുണ്യാത്മാക്കൾക്ക്-അവർക്കാണെങ്കിൽ മൂന്നും നാലും ലക്ഷം അനുയായികളുണ്ടായിരുന്നു-ഈ മനുഷ്യൻ അല്ലാഹുവിൽ നിന്നുള്ളവനാണെന്ന് കാണിക്കപ്പെട്ടു. അവരിൽ ചിലർ ഞാൻ വെളിപ്പെടുന്നതിന് മുപ്പതു വർഷം മുമ്പേ ഇഹലോകവാസം വെടിഞ്ഞിരുന്നു.

ഇതിനു ശേഷം ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് സ്വപ്നത്തിൽ നബി(സ) സന്മാർഗത്തിലേക്ക് വഴികാട്ടിയ ഈമാൻ ദൃഢീകരിക്കുന്ന ചില സംഭവങ്ങൾ പറഞ്ഞു:

'അബ്ദുല്ലാഹ് സാഹിബിന്റെ മകൻ അബ്ദുസ്സത്താർ സാഹിബ് പറയുന്നു, ഞാനെന്റെ പിതാവിനോടു ചോദിച്ചു. ഈസാ(അ) മരിച്ചുപോയിരിക്കുന്നുവെന്ന വിഷയം ഞങ്ങൾക്കറിയില്ല. ജീവിച്ചിരിക്കുന്നുവെന്നത് അറിയാം. കാരണം ഈസാ ജീവിച്ചിരിക്കുന്നുവെന്നാണ് കേട്ടു വന്നിട്ടുള്ളത്. ഇത് ഞങ്ങൾക്കു മനസ്സിലാക്കി തന്നാലും. എന്റെ പിതാവ് താൻ കണ്ട ഒരു സ്വപ്നം ബയ്അത്ത് ചെയ്ത് എട്ട് പത്ത് മാസത്തിനു ശേഷം ഇങ്ങനെ കേൾപ്പിച്ചു. 'ഞാൻ റാവിനദിയുടെ കരയിൽ രണ്ടു ടെന്റുകൾ നാട്ടിയിരിക്കുന്നത് കണ്ടു. ഒന്ന് മസീഹ് മൗഊദ്(അ)ന്റേതാണ്. രണ്ടാമത്തേത് നബി(സ)തിരുമേനിയുടേതും. ഞാൻ നബി(സ)തിരുമേനിയുടെ ടെന്റിൽ പ്രവേശിച്ചു. മസീഹ് മൗഊദ് എന്ന് വാദിക്കുന്നയാൾ എങ്ങനെയുള്ള ആളാണെന്ന് ഞാൻ ചോദിച്ചു? നബി(സ)തിരുമേനി പറഞ്ഞു, 'ഈ വ്യക്തി വളരെ യോഗ്യനാണ്, വളരെ യോഗ്യനാണ്.' മൂന്നു പ്രാവശ്യം വിരല് ചൂണ്ടിക്കൊണ്ടാണ് പറഞ്ഞത്. സമ്പൂർണമായ സാക്ഷ്യം കണ്ടുകൊണ്ട് പൂർണ വിശ്വാസമുണ്ടായി. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദത്തിൽ സത്യവാനാണെന്ന്. ജിവിക്കുക-മരിക്കുക

എന്നതിന്റെ പ്രശ്നം നമുക്കില്ല. വിശ്വസിച്ചു, ബയ്അത്തിൽ പ്രവേശിച്ചു.

സർദാർ കറംദാദ് സ്വാഹിബ് നിവേദനം: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബയ്അത്ത് ചെയ്യുന്നതിനു മുമ്പേ സ്വപ്നത്തിൽ കണ്ടു, 'ഒരു റോഡ്. അതിലൂടെ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യും ഹദ്റത്ത് മസീഹ് മൗഊദ്(അ)വും നടന്നു വന്നുകൊണ്ടിരിക്കുന്നു. ഞാൻ മുമ്പിലൂടെ വന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ) വിരൽ ചൂണ്ടിക്കൊണ്ട് എന്നോടു പറയുകയാണ്, 'ഇയാൾ അല്ലാഹുവിൽ നിന്നുള്ളയാളാണ്.' ഇങ്ങനെ മൂന്നു പ്രാവശ്യം നബി (സ) തിരുമേനി പറഞ്ഞു. 1902-ൽ ഖാദിയാൻ ദാറുൽഅമാനിലെ ചെറിയ പള്ളിയിൽ (അന്ന് മസ്ജിദ് മുബാറക് വളരെ ചെറുതായിരുന്നു) ബയ്അത്ത് ചെയ്തപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട അതേ മുഖാകൃതി തന്നെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റേത്.

ഹദ്റത്ത് മസീഹ് മൗഊദി(അ)പറയുന്നു: 'നമ്മുടെ ജമാഅത്തിന് അല്ലാഹുവുമായിട്ട് സത്യസന്ധമായ ബന്ധം ഉണ്ടാകേണ്ടതാണ്. അല്ലാഹു തആല അവരെ വെറുതെ വിട്ടില്ല. മറിച്ച്, അവരുടെ ഈമാനിക ശക്തിയെ ദൃഢവിശ്വാസത്തിന്റെ നിലവരെ എത്തിക്കുന്നതിനായി തന്റെ ശക്തിപ്രഭാവത്തിന്റെ നൂറുകണക്കിന് ദൃഷ്ടാന്തങ്ങൾ കാണിച്ചു. ഇതിന് അവർ നന്ദി കാണിക്കേണ്ടതാണ്. അല്ലാഹുവുമായി സത്യസന്ധമായ ബന്ധം സ്ഥാപിക്കാൻ അവൻ നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. എങ്ങനെയുള്ള ബന്ധമാണെന്നു വച്ചാൽ, അല്ലാഹു നമ്മളിൽ ഓരോരുത്തരേയും തന്റെ ദൃഷ്ടാന്തം കാണിക്കുന്നവരാക്കട്ടെ. നമ്മുടെ വിശ്വാസങ്ങളിൽ വർധനവുണ്ടാക്കുന്നതാക്കട്ടെ. വരും തലമുറകളിലും ഈ റൂഹിനെ ഊതുന്നവരായി നാം മാറട്ടെ. അല്ലാഹുവിനോട് സത്യസന്ധമായ ബന്ധമുള്ളവരാകുക. ജമാത്തിനോട് എപ്പോഴും ആത്മാർഥതയുള്ളവരായിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദി(അ)ന് ബയ്അത്ത് ചെയ്തിരിക്കുന്ന സ്ഥിതിയ്ക്ക് അതിനെ ബഹുമാനിക്കുക. അല്ലാഹു നമ്മുടെ മക്കളിലും ഈമാൻ നിലനിറുത്തുമാറാകട്ടെ. അത് വർധിപ്പിച്ചുകൊണ്ട് പോകുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London –on 14.02.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To